**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4046** **09-08-2021 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിൽ റോഡിനായി സ്ഥലമേറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ ഫാറൂഖ് കോളേജ്-വാഴക്കാട് റോഡിൽ ചിറ്റാരിക്കുന്ന് മുതൽ ഊർക്കടവ് വരെ ഭാഗത്ത് റോഡിന് വേണ്ടി സ്ഥലമേറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 14.07.2009-ലെസ.ഉ(സാധാ) നം.1045/2009/ പൊ.മ.വ പ്രകാരം ഫാറൂക്ക് കോളേജ് - വാഴക്കാട് റോഡ് ഭൂമി ഏറ്റെടുത്ത് നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. |
| (ബി) | സ്ഥലമേറ്റെടുപ്പിന്റെ ഏതെല്ലാം ഘട്ടം പൂർത്തിയാക്കി എന്നും ഇനി എന്തെല്ലാമാണ് പൂർത്തിയാക്കാനുള്ളത് എന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നും വിശദമാക്കുമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്ക് റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കിയ ശേഷം റിക്വസിഷൻ സമർപ്പിച്ചിരുന്നതും തുടർന്ന് സർവ്വേ നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം 14.03.2013 ന് പുറത്തിറക്കി യിരുന്നതുമാണ്. എന്നാൽ ഭൂമി വില സംബന്ധിച്ച നെഗോസിയേഷനിൽ തീരുമാനം ആകാത്തതിനാൽ തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭരണാനുമതി കാലഹരണപ്പെട്ടതിനാൽ പുതിയ ഭരണാനുമതി ഉത്തരവ് നൽകിയ ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | കാലാവധി കഴിഞ്ഞ ഭരണാനുമതി പുതുക്കുന്നതിന് വേണ്ടി മലപ്പുറം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 2020 ഡിസംബർ 9-ാം തീയതി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ